Mathrubhumi
മാതൃഭൂമി

# രാജ്യാന്തര ഊർജ ശില്പശാല

**തിരുവനന്തപുരം** ▸ എനർജി മാനേജ്മെന്റ് സെന്ററും നോൺ അലൈൻഡ് മൂവ്മെന്റ് സയൻസ് ആൻഡ് ടെക്നോളജി സെന്ററും നടത്തിയ ദ്വിദിന രാജ്യാന്തര ശില്പശാല സമാപിച്ചു.

ഊർജകാര്യക്ഷമത, ഊർജസംരക്ഷണം, സുസ്ഥിരവികസന ലക്ഷ്യങ്ങൾ എന്നിവ വിഷയമാക്കിയാണ് ശില്പശാല നടത്തിയത്. മന്ത്രി കെ. കൃഷ്ണൻകുട്ടി വീഡിയോ സന്ദേശത്തിലൂടെ ശില്പശാല ഉദ്ഘാടനം ചെയ്തു. ഡേവിഡ് ആർ. നിക്കോൾ, മലേഷ്യൻ പ്രതിനിധി ഡോ. മുഹമ്മദ് മൊകസാനിഅസിസമാൻ എന്നിവർ പ്രബന്ധം അവതരിപ്പിച്ചു.

പ്രൊഫ. ആർവിജി മേനോൻ, നാം സെന്റർ ഡയറക്ടർ ജനറൽ ഡോ. അമിതാവ് ബന്ദോപാധ്യായ, ഇഎംസി ഡയറക്ടർ ഡോ. ആർ. ഹരികുമാർ, ഇഎംസി ജോയിന്റ് ഡയറക്ടർ എ.എൻ. ദിനേഷ്കുമാർ എന്നിവർ സംസാരിച്ചു.

11/09/2025 TRIVANDRUM Pg 09